സ്വകാര്യ തൊഴിലുടമകളിൽ നിന്നും സെസ്സ് പിരിവ്

141 (6059) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട് 3 (2) (1) പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വകാര്യ തൊഴിലുടമകളിൽ നിന്നും സെസ്സ് പിരിവ് നടത്താറുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കേന്ദ്ര നിയമം കൃത്യമായും നടപ്പിലാക്കുന്നതിന് വകുപ്പ് കാണിക്കുന്ന അലംഭാവം മാറ്റാൻ നടപടി സ്വീകരിക്കുമോ ;

(സി) സെസ് പിരിവിന്റെ കളക്ഷൻ ചാർജ്ജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാൻ ഈ നിയമത്തിൽ വ്യവസ്ഥയുണ്ടോ ;

(ഡി) തൊഴിൽ വകുപ്പിൽ നിന്നും ഇത് സംബന്ധിച്ച നിർദ്ദേശം ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) പിരിച്ചെടുക്കുന്ന തുക മുഴുവൻ ബോർഡിൽ അടയ്ക്കുകയാണ് ചെയ്യുന്നത്. കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

(ഡി) ഇല്ല.

കടുങ്ങല്ലൂർ പഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള നികുതി

142 (6060) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ മണ്ഡലത്തിലെ കടുങ്ങല്ലൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ ഇപ്പോൾ പഞ്ചായത്തിന് നികുതി നൽകുന്നില്ലായെന്ന് വ്യക്തമാക്കുമോ ;

(ബി) പഞ്ചായത്ത്രാജ് നിയമത്തിലെ ചില അപാകതകൾ കാരണം നികുതി അടയ്ക്കാത്ത വ്യവസായ സ്ഥാപനങ്ങളിൽ നിന്ന് നികുതി ഈടാക്കുന്നതിനാവശ്യമായ നിയമ ഭേദഗതി കൊണ്ടു വരുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 216 വ്യവസായ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന് നികുതി നൽകുന്നില്ല.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

അരൂർ മണ്ഡലത്തിൽ ഹരിയാലി പദ്ധതിയുടെ പുരോഗതി

143 (6061) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ 'ഹരിയാലി' പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഇതിൻപ്രകാരം എത്ര കോടി രൂപയുടെ പ്രവർത്തനങ്ങൾക്കാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര കോടി രൂപയുടെ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കിയത് ; വിശദാംശങ്ങൾ നൽകുമോ ; പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടെത്ര നാളായി ; പൂർത്തീകരിച്ച പ്രവൃത്തികൾക്ക് അതതു കൺവീനർമാർക്ക് പണം നൽകിയോ ; ഇല്ലെങ്കിൽ എന്ന് നൽകാനാവുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇനി എത്ര കോടി രൂപയുടെ പ്രവർത്തനങ്ങൾ നടക്കാനുണ്ട് ; അവ പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആദ്യ ഗഡു കേന്ദ്ര/സംസ്ഥാന വിഹിതമായി ലഭിച്ച 34,34,480 രൂപയിൽ പലിശയായി ലഭിച്ച 1,72,848 രൂപയും പദ്ധതി നടപ്പിലാക്കുവാൻ ഉപയോഗിച്ചിരുന്നു. ഇതുവരെ 35,12,105 രൂപ വിനിയോഗിച്ചിട്ടുണ്ട്. രണ്ടാം ഗഡു കേന്ദ്ര വിഹിതം നാളിതുവരെ ലഭിച്ചിട്ടില്ല. രണ്ടാം ഗഡു ലഭിച്ചാൽ മാത്രമേ തുടർ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാൻ കഴിയുകയുള്ളൂ.

(ബി) അരൂർ മണ്ഡലത്തിൽ 1,89,03,150 രൂപയുടെ പ്രവർത്തനങ്ങൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.

(സി) അമ്പത്തിയാറു ലക്ഷം രൂപയുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ട് ഒരു വർഷത്തിലധികമായി എങ്കിലും രണ്ടാം ഗഡു തുക ലഭിക്കാത്തതിനാൽ തുക കൺവീനർമാർക്ക് നൽകുവാനായിട്ടില്ല. പൂർത്തീകരിച്ച പ്രവൃത്തിക്ക് 25,09,714 രൂപ നൽകുവാനായി അവശേഷിക്കുന്നുണ്ട്. രണ്ടാം ഗഡു തുക ലഭിച്ചാലുടൻ തന്നെ തുക കൺവീനർമാർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇനി 1.33 കോടി രൂപയുടെ പ്രവർത്തനം നടക്കാനുണ്ട്. 31-3-2012- നകം ടി പ്രവൃത്തികൾ പൂർത്തിയാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly